ശ്രീ. പി.കെ.കെ. ബാവ ഈ കാര്യം നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് ഡോക്ടർ കരീം, എ.എൻ.പി. ഉമ്മർകുട്ടി, ഇബ്രാഹീം, റിട്ടയേർഡ് പ്രൊഫസർ ഓഫ് ഹിസ്റ്ററി ശ്രീ. കുഞ്ഞൻ ഇവർ അടങ്ങുന്ന ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിക്കുകയും ആ കമ്മിറ്റി ഈ കാര്യങ്ങൾ പരിശോധിക്കുകയും ചെയ്തു. ഈ വർഷം പ്രത്യേകമായി പരിശോധിച്ച് പ്രിൻറ് ചെയ്ത് ഇറക്കിയ പുസ്തകത്തിനകത്ത് കഴിഞ്ഞ വർഷം വന്ന മിസ്റ്റേക്കുകളെല്ലാം കറക്ട് ചെയ്തിട്ടുണ്ട്. അതുപോലെ ദുഃഖവെള്ളിയാഴ്ച ഒരു ആഘോഷമാണെന്ന പരാമർശം ഉണ്ടായിരുന്നു. അത് ഒരു ആഘോഷമല്ല, ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു പ്രിശകായി ഇതിൽ കടന്നുകൂടിയതാണ്. അതു തിരുത്തിയിട്ടുണ്ട്. അതുപോലെ 10-ാം ക്ലാസ്സിലെ സോഷ്യൽ സ്റ്റഡീസിനെക്കുറിച്ചാണ് ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി. അതിനകത്ത് ചില തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർ അന്ന് എഴുതിത്തന്നിരുന്നു. അതുപോലെ തന്നെ മുസ്ലീം സമുദായത്തെ സംബന്ധിച്ചുള്ള ഒന്നു രണ്ടു പരാമർശങ്ങൾ തെറ്റായിട്ടാണ് കടന്നുകൂടിയത്. അതും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് രണ്ടും സർക്കുലർ വഴി കറക്ട് ചെയ്ത് എല്ലാ സ്കൂളുകൾക്കും അയയ്ക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയ സിലബസ്സും കരിക്കുലവും പൂർത്തിയാക്കിയിരിക്കുകയാണ്. സ്വാഭാവികമായും ചില ഭാഗങ്ങളിൽ മിസ്റ്റേക്കുകൾ കടന്നു കൂടി എന്നു വരാം. ഇങ്ങനെ വരുന്ന മിസ്റ്റേക്കുകൾ അപ്പപ്പോൾ ശ്രദ്ധയിൽപെടുത്തിയതെല്ലാം കറക്ട് ചെയ്തിട്ടുണ്ട്. ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങളും കറക്ട് ചെയ്തിട്ടുണ്ട്. 5-ാം ക്ലാസ്സിലേയും 6-ാം ക്ലാസ്സിലേയും പാഠപുസ്തകം കറക്ട് ചെയ്ത് ഇറക്കിയിട്ടുണ്ട്.

(3) മാവൂർ ഗ്വാളിയർ റയോൺസിലെ ലോക്കൗട്ട്

ശ്രീ. കെ.പി. രാമൻ: സർ, നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ ഒരു പ്രമുഖ വ്യവസായ സ്ഥാപനമായ എൻറെ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി അടച്ചു പൂട്ടിയിട്ട് ഇന്ന് 11 മാസവും 16 ദിവസവും തികഞ്ഞിരിക്കുകയാണ്. ഇതുമൂലം ഈ ഫാക്ടറിയിലെ നാലായിരത്തോളം തൊഴിലാളികൾ ഉൾപ്പെടെ ഫൈബറിലും പൾപ്പിലും പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബവും മുഴുപ്പട്ടിണിയിലാണ്. ബോണസ്, കരാർ പ്രശ്നം, റിസർവ് തൊഴിലാളികൾക്ക് പൂർണ്ണമായ ജോലി എന്നീ ആവശ്യങ്ങളാണ് ഈ തൊഴിലാളികൾ ഉയർത്തിപ്പിടിച്ചിരിക്കുന്നത്. അഞ്ചു വർഷമായി കമ്പനി നഷ്ടത്തിലാണെന്നു പറയുന്നു. ഈ കമ്പനിയുടെ മാനേജുമെൻറിൻറെ സഹോദര സ്ഥാപനമായ കർണ്ണാടക ജില്ലയിലെ അരിയാർ പോളിഫൈബേഴ്സ് തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ എല്ലാം തന്നെ മാനേജുമെൻറ് അനുവദിച്ചു കൊടുക്കുന്നുണ്ട്. എന്നാൽ ഇവിടെ റാ-മെറ്റീരിയൽസ് കിട്ടുന്നില്ല. അതുപോലെ തന്നെ ഫൈബർ, പൾപ്പ് എന്നിവ ഇറക്കുമതി ചെയ്യുന്നതിൻറെ ഫലമായി ഇവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റില്ലെന്നു പറയുന്ന ഒരു വാദഗതിയുമായിട്ടാണ് മാനേജ്മെൻറ് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്. തൊഴിലാളികളെ വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്ന ഒരു നയമാണ് മാനേജുമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ ലേബർ ഓഫീസർ തൊട്ട് മുഖ്യമന്ത്രി വരെ പലപ്പോഴായി ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്: ഇവരുടെ ആവശ്യങ്ങളൊന്നും അംഗീകരിക്കുന്നതിനുവേണ്ടി മാനേജുമെൻറ് ഇതുവരെ മുന്നോട്ടു വന്നിട്ടില്ല. ഈ ഫാക്ടറി പൂട്ടിയതിൻെറ ഫലമായി ഉത്തരകേരളമാകെ വ്യാവസായികമായി സ്തംഭിച്ചിരിക്കുന്നു എന്നാണ് എനിക്കു പറയാനുള്ളത്. ഈ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെൻറ് ഈ ഫാക്ടറി ഏറെടുക്കുന്നതിന് തയ്യാറാകണം. ഈ കമ്പനി പൂട്ടിയതിൻെറ ഫലമായി ഈ ഫാക്ടറിയോട് ബന്ധപ്പെട്ട എല്ലാ തൊഴിലാളികളുടേയും കുടുംബങ്ങളും മുഴുപ്പട്ടിണിയിലായിക്കഴിഞ്ഞിരിക്കുകയാണ്. അവർക്ക് സൗജന്യ റേഷൻ തുടങ്ങിയ സഹായങ്ങളും നൽകുന്നതിനുവേണ്ടി ഗവൺമെൻറ് തയ്യാറാകണം. തൊഴിലാളികളെക്കൊണ്ട് പന്താടുന്ന മാനേജുമെൻറിൻെറ നയം അവസാനിപ്പിക്കുന്നതിനുവേണ്ടി ഇനിയെങ്കിലും ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളും മിക്കവാറും ശരിയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെൻറിൻെറ എല്ലാ തലത്തിലും മുഖ്യമന്ത്രിയുടെ തലത്തിൽ തന്നെയും നിരവധി കോൺഫറൻസുകളും നടത്തുകയുണ്ടായി. അതിൻെറ മാനേജുമെൻറുമായിട്ട് മുഖ്യമന്ത്രിയുടെ ലവലിൽ തന്നെ ഇപ്പോഴും ഈ പ്രശ്നം അനുരജ്ഞന ശ്രമത്തിലൂടെ തീർക്കുന്നതിന് പരിശ്രമങ്ങളും നടത്തി വരുകയാണ്. അതിന് ഫല പ്രാപ്തി ഉണ്ടായാൽ ഉടൻതന്നെ ഒരു ജോയിൻറ് കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നതാണ്.

V. ക്രമപ്രശ്നം

ഓർഡിനൻസുകൾ റീ ഇഷ്യൂ ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ ഇഷ്യൂ ചെയ്തിരിക്കുന്ന ഓർഡിനൻസുകളിൽ പലതും. ആറും ഏഴും തവണ റീ—ഇഷ്യൂ ചെയ്തിരിക്കുന്നതാണ്. ഭരണഘടനയുടെ 213—ാം വകുപ്പനുസരിച്ചാണ് ഇന്ന് ഈ കടലാസ്സു മേശപ്പുറത്തു വയ്ക്കുന്നത്. ഈ അടുത്ത കാലത്ത് അലഹബാദ് ഹൈക്കോടതിയുടെ ലക്നൗ ബഞ്ചിൽ ഒരു റിട്ട് ഹർജിയിൻമേൽ ഹൈക്കോടതി ഒരു റൂളിംഗ് നൽകിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ അന്നു ഞാൻ പെടുത്തിയിരുന്നു. ആ റൂളിംഗിൻെറ വെളിച്ചത്തിൽ 213—ാം വകുപ്പനുസരിച്ച് ഗവൺമെൻറിന് എമർജൻസി വരുന്ന സമയത്ത് ഒരു തവണ ഓർഡിനൻസ് ഇഷ്യൂ ചെയ്യാൻ അധികാരമുണ്ട്. എന്നാൽ അത് റീ-ഇഷ്യൂ ചെയ്യുന്നതിന് മുമ്പ് നിയമസഭാ സമ്മേളനം നടക്കുകയും ആ നിയമസഭാ സമ്മേളനത്തിൽ അത് ആക്ട് ആക്കുകയും ചെയ്യാതിരുന്നാൽ 213—ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന എമർജൻസി ഇല്ലാതാകും എന്നാണ് ഹൈക്കോടതി റൂം ചെയ്തത്. എമർജൻസി ഇല്ലാതിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly